**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 162** **13.07.2016 ൽ മറുപടിയ്ക്ക്**

**ഇ-ഫയലിംഗ് ശൃംഖല**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | ശ്രീ. പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി ) |
| (എ) സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് സിസ്റ്റം നടപ്പാക്കിയത് എന്നു മുതലാണെന്നും ആയത് വിജയകരമായിരുന്നോയെന്നും വിശദമാക്കാമോ; | (എ) 8.7.2009 ലെ സ.ഉ(സാധ) നം 143/2009/വി സ വ ഉത്തരവു പ്രകാരം സെക്രട്ടേറിയറ്റിൽ Message / DDFS എന്ന ഇലക്ട്രോണിക് ഫയൽ സമ്പ്രദായം നടപ്പിലാക്കുവാൻ ഭരണാനുമതി നൽകുകയും തുടർന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഐ.റ്റി., ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്നീ വകുപ്പുകളിൽ ഈ സംവിധാനം നടപ്പിലാക്കുകയും ചെയ്തിരുന്നു. പിന്നീട് കേന്ദ്ര സർക്കാർ ഏജൻസിയായ എൻ.ഐ.സി വികസിപ്പിച്ച ഇ-ഓഫീസ് സംവിധാനം സെക്രട്ടേറിയേറ്റിൽ നടപ്പിലാക്കുവാൻ 24.08.2013 ലെ സ.ഉ(കൈ) നം 10/2013/വി സ വ ഉത്തരവു പ്രകാരം തീരുമാനിക്കുകയും DDFS ഘട്ടം ഘട്ടമായി നിർത്തലാക്കി പൂർണ്ണമായും ഇ ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറുകയും ചെയ്തു. സെക്രട്ടേറിയേറ്റിലെ ആഭ്യന്തരം, വിജിലൻസ്, വിവര പൊതുജന സമ്പർക്ക വകുപ്പുകളിലൊഴികെ മറ്റെല്ലാ വകുപ്പുകളും വിജയകരമായി ഇ ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറി കഴിഞ്ഞു. |
| (ബി) ഇ-ഫയലിംഗ് സിസ്റ്റം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി ) എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടില്ല |

| | |
|---|---|
| (സി) ജില്ലാ, താലൂക്ക്തല ഓഫീസുകളിൽ നിന്ന് സെക്രട്ടേറിയറ്റിൽ എത്തുന്ന ഫയലുകൾ സ്കാൻ ചെയ്ത് ഇ-ഫയൽ ആക്കി മാറ്റാൻ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ഇല്ല. |
| (ഡി) ഫയലുകൾ തപാൽ വഴി സെക്രട്ടേറിയറ്റിലും ഉയർന്ന ഓഫീസുകളിലും എത്താനെടുക്കുന്ന കാലതാമസം ഇ-ഫയലിംഗ് ഏർപ്പെടുത്തുക വഴി പരിഹരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) പരിഹരിക്കാൻ സാധിക്കും. |
| (ഇ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളെയും ഇ-ഫയലിംഗ് ശൃംഖലയിൽ കണ്ണിയാക്കാനുള്ള നടപടി സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) സെക്രട്ടേറിയേറ്റിനു പുറമെ ലാന്റ് റവന്യു കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും,സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് സമ്പ്രദായം ഘട്ടം ഘട്ടമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>മറ്റു വകുപ്പുകളിൽ ആദ്യം ഹെഡ് ഓഫീസിലും പിന്നീട് ജില്ലാതല ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ